# അദ്ധ്യായം - 6

# കണ്ടെത്തലുകളും നിഗമനങ്ങളും

1. കാല്പനികസ്വഭാവങ്ങൾക്ക് സാർവ്വകാലികത്വം ഉണ്ടെങ്കിലും ഒരു സാഹിത്യപ്രസ്ഥാനമായി നിലനിന്നത് കുറച്ചുകാലം മാത്രം ആയിരുന്നു.
2. യാഥാസ്ഥിതികമായ എല്ലാ നിയമങ്ങളെയും, അധികാര വ്യവസ്ഥകളെയും അടിച്ചമർത്തലുകളെയും കാല്പനികത ചോദ്യം ചെയ്തു. എല്ലാത്തരം നിയമങ്ങളെയും നിഷേധിക്കുകയായിരുന്നു കാല്പനികതയുടെ ലാവണ്യനിയമം.
3. ഫ്രഞ്ച്വിപ്ലവം, ശാസ്ത്രപുരോഗതി, റൂസ്സോ, വോൾട്ടയർ തുടങ്ങിയ ചിന്തകരുടെ ആഹ്വാനം, വ്യക്തിക്ക് ലഭിച്ച സ്വതന്ത്ര്യാവബോധം, ജനാധിപത്യചിന്ത എന്നിവ പാശ്ചാത്യസാഹിത്യത്തിൽ കാല്പനികതയ്ക്ക് പ്രചോദനമായി.
4. വസ്തുനിഷ്ഠവും നിയന്ത്രിതവും വൈചാരികവുമായ നിയോക്ലാസ്സിക്രീതികളെ കാല്പനികത പ്രതിരോധിച്ചു.
5. പ്രകൃതിയോടും സ്വാഭാവികതയോടും ആഭിമുഖ്യംപുലർത്തിയ കാല്പനികത, അകൃത്രിമവും ലളിതവും സംഗീതാത്മകവുമായ ഭാഷയ്ക്കും, പാണ്ഡിത്യപ്രകടനത്തേക്കാൾ കവിപ്രതിഭയ്ക്കും, അനുകരണത്തേക്കാൾ ഭാവനയ്ക്കും പ്രാധാന്യം നൽകി.
6. സ്വാതന്ത്ര്യത്തെ ഏറ്റവുംവലിയ ആദർശമായി കണ്ട കാല്പനികത പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി സ്വപ്നലോകത്ത് വിഹരിക്കുകയും ഭാവനാസ്വർഗ്ഗങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. സ്നേഹം, സമത്വം, സാഹോദര്യം, പ്രകൃതി തുടങ്ങിയവ

യായിരുന്നു അവരുടെ സ്വർഗ്ഗം.

7. കാല്പനികതയ്ക്ക് പ്രതിവ്യക്തിഭിന്നതയും പ്രതിദേശഭിന്നതയും ഉണ്ട്.
8. കാല്പനികതയ്ക്ക് തുടക്കത്തിൽ പ്രകടമായ ശക്തി അവസാനമായപ്പോഴേക്കും ജീർണ്ണമായി.
9. യൂറോപ്പിൽ കാല്പനികതയുടെ അപചയം 1832-മുതൽ ആരംഭിച്ചു. കാല്പനികതയെ ആവശ്യത്തിലധികം ഉപജീവിച്ച കവികൾ തന്നെയാണ് അപചയത്തിനും വഴിയൊരുക്കിയത്.
10. കാല്പനികതയുടെ മുഖ്യഘടകമായ പ്രതിഭയും ഭാവനയും ഇല്ലാതിരുന്ന അനുകർത്താക്കൾ സൃഷ്ടിച്ച കാവ്യലോകങ്ങൾ അവിശ്വസനീയവും വിചിത്രവും ആയിരുന്നു. അത് മിഥ്യയുടെയും സ്വപ്നത്തിന്റെയും ലോകമായിരുന്നു.
11. ഭാവഗീതത്തിന് മാത്രം പ്രാധാന്യം കൊടുത്ത അവർക്ക് അപ്പപ്പോൾ ലഭിക്കുന്ന അനുഭൂതികളല്ലാതെ ഗൗരവമേറിയ ജീവിതസങ്കീർണ്ണതകളെ ആവിഷ്കരിക്കാൻ സാധിച്ചില്ല.
12. അഹന്ത, അഹംഭാവത്തിൽ മുഴുകൽ, തന്നോടുതന്നെയുള്ള അനുകമ്പ, താൻ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാണെന്നുള്ള അഹങ്കാരം, സമൂഹത്തോടുള്ള പ്രതിഷേധം, ഒളിച്ചോട്ടം, നഗ്നയാഥാർത്ഥ്യങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള സ്വപ്നലോകത്തിന്റെ സൃഷ്ടി, അതിഭാവുകത്വം, യുക്തിരാഹിത്യം, ഉദ്വേഗമുളവാക്കൽ, മരണത്തെക്കുറിച്ചുള്ള മായ്ക്കാനാകാത്ത ചിന്ത എന്നിവ കാല്പനികതയെ അപചയത്തിലേക്ക് നയിച്ചു.
13. കാല്പനികതയെ ശുദ്ധീകരിക്കുവാൻ റിയലിസവും റിയലിസത്തിന്റെ ഉപപ്രസ്ഥാനമായ നാച്ചുറലിസവും വന്നു. ഇവയെ ശുദ്ധീകരിക്കുവാൻ വന്ന സിംബലിസം ദുർഗ്രഹത മുഖമുദ്രയാക്കിയപ്പോൾ അല്പായുസ്സായി എന്നുമാത്രമല്ല കാല്പനികതയെ കൂടുതൽ അപചയത്തിലേയ്ക്ക് നയിക്കുകയും ചെയ്തു.
14. തുടർന്ന് ഇമേജിസം, ദാദായിസം, ഫ്യൂച്ചറലിസം, സർറിയലിസം,

ഇംപ്രഷനിസം തുടങ്ങിയ പ്രസ്ഥാനങ്ങൾ നിലവിൽ വന്നു. ഇവയെ പൊതുവെ ആധുനികത എന്ന് പറയുന്നു.

15. മലയാളത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനംവരെ നിയോക്ലാസിക് കാലഘട്ടമായിരുന്നു.
16. ബ്രിട്ടീഷ് കൊളോണിയൽ വിദ്യാഭ്യാസസമ്പ്രദായവും ഇംഗ്ലീഷ് സാഹിത്യവുമാണ് മലയാളത്തിൽ കാല്പനികാഭിരുചി വളർത്തിയ ത്.
17. ഇംഗ്ലീഷ്ഭാഷയിലും സാഹിത്യത്തിലും പാണ്ഡിത്യമുണ്ടായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു നിയോക്ലാസ്സിസ്സ ത്തിന്റെ ശക്തനായ പ്രതിനിധി.
18. ആത്മനിഷ്ഠമായ അനുഭവങ്ങളെപോലും അനുഭൂതിദരിദ്രമായേ നിയോക്ലാസ്സിക്കുകൾ അവതരിപ്പിച്ചിരുന്നുള്ളൂ.
19. ഇംഗ്ലീഷ്വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത കൊടുങ്ങല്ലൂർക്കവികൾ സംസ്കൃതമേൽക്കോയ്മക്കെതിരെ നാടൻപദങ്ങൾ ഉപയോഗിച്ച് കവിതയുടെ പ്രതിപാദനത്തിലും പ്രതിപാദ്യത്തിലും മാറ്റങ്ങൾ സൃഷ്ടിച്ചു.
20. മലയാളകാല്പനികതയുടെ ആദ്യാങ്കുരങ്ങൾ കൊടുങ്ങല്ലൂർക്കവിക ളിൽ കണ്ടെത്താം.
21. പത്രപ്രവർത്തനത്തിന്റേയും ഗദ്യസാഹിത്യത്തിന്റേയും വളർച്ച സാമ്പ്രദായിക കാവ്യസൗന്ദര്യത്തെ വിമർശകനാത്മകമായി സമീപി ക്കാൻ പ്രേരിപ്പിക്കുന്ന ഘടകമായി.
22. യാഥാസ്ഥിതികരായ കേരളവർമ്മപക്ഷത്തിന്റെ ദ്വിതീയാക്ഷരപ്രാസ നിർബന്ധത്തെ എതിർത്ത എ.ആറും കൂട്ടരും കവിതയുടെ രൂപസൗ ഷ്ഠവത്തേക്കാൾ ഭാവസൗന്ദര്യത്തിന് പ്രാധാന്യം നൽകി.
23. യാഥാസ്ഥിതികത്വത്തിന്റെയും ഉൽപതിഷ്ണുത്വത്തിന്റെയും സംഘ ട്ടനമായിരുന്ന ദ്വിതീയാക്ഷരപ്രാസവാദം കാവ്യത്തിന്റെ യഥാർത്ഥ മൂല്യങ്ങളെ അന്വേഷിക്കാനുള്ള ശക്തമായ പ്രേരണയായി.

24. നിയോക്ലാസ്സിക് കാവ്യശിക്ഷണം ആർജ്ജിച്ചവരെങ്കിലും മലയാളകാല്പനികപ്രസ്ഥാനത്തെ ഏറെ മുന്നോട്ടുകൊണ്ടുപോയത് ആശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നിവരാണ്.
25. വേദാന്തപരിചയം, ബംഗാൾ ജീവിതത്തിൽ നിന്ന് ലഭിച്ച നവോത്ഥാനാശയങ്ങൾ, ഇംഗ്ലീഷ്വിദ്യാഭ്യാസം എന്നിവയാണ് ആശാനെ നവീനഭാവുകത്വത്തിലേക്ക് അടുപ്പിച്ചത്.
26. മാംസളശൃംഗാരത്തിൽ നിന്നും മലയാളകവിതയിലെ പ്രണയം കാല്പനികതയുടെ ആദർശവിശുദ്ധിയിലേക്ക് ഉയരുന്നത് ആശാൻ കവിതകളിലൂടെയാണ്.
27. വ്യക്തിസ്വാതന്ത്ര്യം, സാമൂഹ്യസ്വാതന്ത്ര്യം, ആദർശാത്മകപ്രണയം എന്നീ കാല്പനികഭാവങ്ങൾ ആശാൻ ശക്തമായി ആവിഷ്കരിച്ചു.
28. ഇന്ത്യയുടെ പൂർവ്വസംസ്കൃതിയെ കുറിച്ചുള്ള അഭിമാനവും അതിനെ കണ്ടെത്താനും പുനഃസൃഷ്ടിക്കാനുമുള്ള തിടുക്കവും ഗാന്ധിയൻ ആദർശങ്ങളും ഇന്ത്യൻസ്വാതന്ത്ര്യസമരവും ആണ് വള്ളത്തോളിൽ പ്രകടമായ കാല്പനികഭാവങ്ങൾ.
29. ഉള്ളൂരിന്റെ കാവ്യവ്യക്തിത്വത്തിൽ മേൽക്കൈ നേടിയിരുന്നത് നിയോക്ലാസ്സിക്സ്വഭാവങ്ങൾ ആയിരുന്നുവെങ്കിലും മാറുന്ന അഭിരുചിക്കൊത്ത് എഴുത്തിന്റെ സമ്പ്രദായം ഭേദപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിരുന്നു; വിജയിച്ചില്ലെങ്കിലും.
30. കാല്പനികമാർഗ്ഗത്തിലൂടെ കവിത്രയം ബഹുദൂരം സഞ്ചരിച്ചെങ്കിലും മലയാളകവിത നിയോക്ലാസ്സിക്ശീലങ്ങളിൽ നിന്ന് പൂർണ്ണമായും സ്വാതന്ത്ര്യം നേടിയില്ല.
31. സാമൂഹികരാഷ്ട്രീയസംഭവങ്ങളോടുള്ള പ്രതികരണം, വ്യവസ്ഥാപിതകാവ്യനിയമങ്ങളെ വേണ്ടപ്പോൾ തിരസ്ക്കരിക്കാൻ കാണിച്ച തന്റേടം, ഔചിത്യപൂർണ്ണമായ ഭാഷ തുടങ്ങിയവയിലൂടെ കവിത്രയം മലയാളകാവ്യസങ്കല്പത്തെ സമഗ്രപരിവർത്തനത്തിന് വിധേയമാക്കി.
32. കാല്പനികതയുടെ അപൂർവ്വസൗന്ദര്യങ്ങളും ഉദാത്താനുഭൂതികളും

അവതരിപ്പിച്ചെങ്കിലും നിയോക്ലാസ്സിസിസത്തിന്റെ വിധേയത്വമാണ് ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിൽ പ്രകടമായത്.

33. മലയാളത്തിൽ കാല്പനികതയുടെ യഥാർത്ഥശക്തിദൗർബല്യങ്ങൾ പ്രകടമായത് ഇടപ്പള്ളിക്കവികളിലാണ്. - ആത്മനിഷ്ഠത, സമൂഹത്തോടുള്ള എതിർപ്പ്, വ്യക്തിപ്രാധാന്യം, സ്വകീയലോകസൃഷ്ടിക്കുള്ള ത്വര, ഇഹലോകവൈരുദ്ധ്യം, അയാഥാസ്ഥിതികത്വം, അലൗകികത, ഉപബോധപരത, ഏകാകിയുടെ ശോകാത്മകത, സ്വാനുഭൂതിപ്രിയം, സംഗീതാത്മകമായ കാവ്യഭാഷ - എന്നിങ്ങനെ കാല്പനികതയുടെ എല്ലാ സ്വഭാവങ്ങളും ഇടപ്പള്ളിക്കവികളിലൂടെയാണ് മലയാളികൾ ആദ്യമായി അനുഭവിച്ചറിഞ്ഞത്.

34. ഇടപ്പള്ളിക്കവികൾ സംഗീതാത്മകമായി അവതരിപ്പിച്ച നൈമിഷിക വികാരങ്ങളെ അന്നത്തെ ചെറുപ്പക്കാർ ആവേശത്തോടെ വായിക്കുകയും അതിന്റെ അനുകർത്താക്കളായി മാറുകയും ചെയ്തു.

35. പ്രണയദുഃഖങ്ങളുടെയും കേവലരോഷങ്ങളുടെയും ഒരേ മട്ടി (Pattern)ലുള്ള ശബ്ദങ്ങൾ അനുകർത്താക്കളായ പലകവികളും ആവർത്തിക്കുകയും മലയാളകാല്പനികകവിത അതിഭാവുകത്വം നിറഞ്ഞ കേവലവികാരപ്രകടനമാവുകയും അത്യന്തം ദുർബലമാവുകയും ചെയ്തു.

36. കാല്പനികദൗർബല്യങ്ങളെ എതിർത്തുകൊണ്ടാണ് അകാല്പനിക പ്രവണതകൾ മലയാളത്തിൽ ശക്തമാവുന്നത്.

37. അതിഭാവുകത്വം നിറഞ്ഞതും വർണ്ണശബളവുമായ കാവ്യഭാഷയ്ക്ക് പകരം അകാല്പനികർ പരുഷമായ ഭാഷ തന്നെ ഉപയോഗിച്ചു.

38. അനുകരണവും ആവർത്തനവും കൊണ്ട് ചെടിപ്പും മടുപ്പും ഉളവാക്കിയ ദുർബലമായ വൈകാരികാനുഭവങ്ങളെ ഒഴിവാക്കി അനേകം വിജ്ഞാനശാഖകളിലേയ്ക്ക് അന്വേഷണബുദ്ധിയോടെ കടന്നുകയറി നൂതനങ്ങളായ പ്രമേയങ്ങൾ അകാല്പനികകവികൾ സ്വീകരിച്ചു.

39. സംഭവങ്ങളെ വസ്തുനിഷ്ഠമായി കാണാനും സാമൂഹ്യബോധം

ജനിപ്പിക്കാനും അകാല്പനികർ ശ്രദ്ധിച്ചു.

40. കാല്പനികർ ആകാശത്തോളം ഉയർത്തിനിർത്തിയ ആദർശാത്മക പ്രണയത്തെ മണ്ണിലേയ്ക്ക് ഇറക്കിക്കൊണ്ടുവരികയും പ്രണയത്തെ പൂർണ്ണസാഫല്യത്തിൽ എത്തിക്കാതിരിക്കുകയും ചെയ്തു അകാല്പനികർ.

41. കാല്പനികത ഊതിവീർപ്പിച്ച് ഉയർത്തിനിർത്തിയ വ്യക്തിത്വം നഷ്ടപ്പെട്ട സ്ത്രീസങ്കല്പത്തിന് പകരം സ്ത്രീയുടെ യഥാർത്ഥവ്യക്തിത്വത്തെ അകാല്പനികർ ചിത്രീകരിച്ചു.

42. സാങ്കല്പികസ്വർഗ്ഗത്തിലെ ആദർശനായകന്മാരും കുലീനന്മാരും പരിഹസിക്കപ്പെടുകയും കർഷകത്തൊഴിലാളി, തെരുവുതെണ്ടി തുടങ്ങിയവർ പ്രധാനകഥാപാത്രങ്ങളാവുകയും ചെയ്തപ്പോൾ അകാല്പനികർ പുതിയ ലോകവ്യവസ്ഥ വിഭാവനം ചെയ്തു. മണ്ണിന്റെയും വിയർപ്പിന്റെയും അഴുക്കിന്റെയും നാറ്റമുള്ള കഥാപാത്രങ്ങൾ രംഗത്തുവന്നതോടെ കാല്പനികത അവതരിപ്പിച്ച ആദർശസൗന്ദര്യബോധം അട്ടിമറിക്കപ്പെട്ടു.

43. കാല്പനികതയുടെ മനുഷ്യകേന്ദ്രിത (Mancentric) നിലപാടുകളെയും അദൃഷ്ടമായ അഹംബോധത്തെയും എതിർത്ത് താൻ ഉൾപ്പെടുന്ന ചരാചരപ്രകൃതിയ്ക്ക് നേരിടുന്ന ശോഷണത്തിൽ അകാല്പനികർ വ്യാകുലപ്പെടുകയും പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റത്തെ ആശങ്കയോടെ വീക്ഷിക്കുകയും ചെയ്തു.

44. കലാകാരനേയും കലാസൃഷ്ടിയേയും അപ്രധാനമാക്കി വായനക്കാരനും വിഷയത്തിനും അകാല്പനികർ പ്രാധാന്യം നൽകി.

45. ഒരു മനുഷ്യന് നല്ലവ്യക്തിയായി ജീവിക്കാൻ കഴിയാത്ത സാഹചര്യം എങ്ങനെ സൃഷ്ടിക്കപ്പെടുന്നു എന്ന് അകാല്പനികർ മാറിനിന്ന് നോക്കിക്കാണുന്നു.

46. ജീവിതപ്രശ്നങ്ങളിൽ വെറിപിടിച്ച് ഓടിയൊളിക്കുന്ന കാല്പനികരീതിക്ക് വിരുദ്ധമായി അകാല്പനികർ പ്രശ്നത്തിന് പരിഹാരം കണ്ടെ

ത്തുകയും ജീവിതത്തെ പ്രസാദാത്മകമായി സമീപിക്കുകയും ചെയ്തു.

47. ഒരു വിമർശകന്റെ വസ്തുനിഷ്ഠതയോടെയാണ് എൻ. വി. മലയാള കാല്പനികദൗർബല്യങ്ങളെ പ്രതിരോധിച്ചത്.

48. കവിതയിലെ ശുദ്ധഭാവാത്മകതയെ അല്ല, കാല്പനികതയുടെ ദുർബ്ബലവും അർത്ഥശൂന്യവും രോഗാതുരവുമായ അതിഭാവുകത്വത്തെയാണ് എൻ. വി. എതിർത്തത്.

49. സവിസ്തരമായ പ്രതിപാദനം കൊണ്ട് കവിതയുടെ അതിവൈകാരികത്വം കെടുത്തിക്കളയുക, അതിലോലമായ സഞ്ചാരീഭാവങ്ങളെപോലും വിചാരമേദുരമാക്കുക, സംഗീതത്തിൽ ഒലിച്ചുപോകുന്ന കാവ്യഭാഷയെ ഗദ്യാത്മകപദരചനകൊണ്ട് ദൃഢമുള്ളതാക്കുക, കാല്പനികപ്രണയത്തിന്റെ അന്തസ്സാരശൂന്യത പരിഹാസപൂർവ്വം പൊളിച്ചുകാട്ടുക, മായികസ്വപ്നങ്ങൾക്ക് പകരം സാമൂഹികജീവിതത്തിലെ വൈരുദ്ധ്യങ്ങളെ പ്രധാനവിഷയങ്ങളാക്കുക - ഇവയെല്ലാം എൻ.വി.യുടെ ബോധപൂർവ്വങ്ങളായ ശ്രമങ്ങളായിരുന്നു.

50. കഥാപാത്രങ്ങളുടെ പേര് തെരഞ്ഞെടുത്തതിൽ പോലും എൻ.വി.യിൽ കാല്പനികവിരുദ്ധത കാണാം. കേരളീയജീവിതത്തിൽ സ്വാഭാവികമായുള്ള പേരുകളല്ല കാല്പനികകവിതയിലെ കഥാപാത്രങ്ങളുടേത്. ഇതിന് വിരുദ്ധമായി സർവ്വസാധാരണമായതും സാമ്പ്രദായിക സൗന്ദര്യബോധത്തിന് നിരക്കാത്തതുമായ പേരുകൾ സ്വീകരിച്ചു.

51. കാല്പനികതയിലെ പുരുഷകഥാപാത്രങ്ങൾ പ്രകടിപ്പിച്ച അസംതൃപ്തി സ്ത്രീ കഥാപാത്രത്തിലൂടെ എൻ.വി. അവതരിപ്പിച്ചു.

52. കാല്പനികത ഉയർത്തിക്കാട്ടിയ ആത്മീയസ്നേഹം, സന്യാസം, ആത്മപീഡനപരമായ ഇന്ദ്രിയസംയമനം എന്നിവയെ പരിഹസിക്കുകയും മനുഷ്യമനസ്സിനെ ശാസ്ത്രീയമായി അപഗ്രഥിക്കുകയും ചെയ്തു.

53. വിരുദ്ധഭാവസങ്കലനം (Juxta position) ത്തിലൂടെ കാല്പനികത ആദർശ

വൽക്കരിച്ച് ഉയർത്തി നിർത്തിയ സൗന്ദര്യസങ്കല്പത്തെയും എൻ.വി. ബോധപൂർവ്വം തകിടം മറിച്ചു.

54. യഥാർത്ഥലോകത്തിന്റെ പാരുഷ്യത്തിൽനിന്നും സാങ്കല്പികലോകത്തേക്ക് പലായനം ചെയ്ത കാല്പനികരീതിക്ക് വിരുദ്ധമായി സാങ്കല്പികലോകത്ത് നിന്നും യഥാർത്ഥലോകത്തിന്റെ പാരുഷ്യത്തിലേയ്ക്ക് തിരിച്ചുവരുന്ന കവിതകളാണ് എൻ.വി.യുടേത്.
55. വൈകാരികമായ നിലപാട് സ്വയം ഏറ്റെടുത്ത് വികാരംകൊള്ളുന്ന കാല്പനികരീതിക്ക് വിരുദ്ധമായി വസ്തുതകൾ നിരത്തി സ്വയം മാറിനിൽക്കുവാനും ആദർശവൽക്കരണത്തിലേക്ക് ഉയർന്ന് പൊന്താതെ അപൂർവ്വയാഥാർത്ഥ്യത്തോടെ ഗ്രാമീണജീവിതത്തിന്റെ പാരുഷ്യം വ്യക്തമാക്കുവാനും എൻ.വി. ശ്രമിച്ചു.
56. കാല്പനികതയുടെ മസൃണതയ്ക്ക് എതിരെയുള്ള പ്രതികരണമാണ് എൻ.വി.യുടെ ഭാഷ. വിദേശഭാഷാപദങ്ങൾ, അപൂർവ്വമായി മാത്രം ഉപയോഗിക്കാറുള്ളതും പരുഷാക്ഷരഘടിതവുമായ സംസ്കൃതപദങ്ങൾ, നാടൻ മലയാളപദങ്ങൾ എന്നിവ അദ്ദേഹം ധാരാളം ഉപയോഗിച്ചു.
57. വസ്തുബോധം ജനിപ്പിക്കുന്ന ബിംബങ്ങളുടെ ഉപയോഗവും എൻ.വി.കവിതകളിൽ കാണാം.
58. കാല്പനികതയെ ശക്തമായി പ്രതിരോധിച്ച കവിയാണ് ഇടശ്ശേരി ഗോവിന്ദൻനായർ.
59. ക്ഷണികവികാരങ്ങൾ പ്രകടിപ്പിച്ച ഭാവഗീതങ്ങൾക്ക് പകരം വിശാലവും വിചിത്രവും ചലനാത്മകവുമായ മനുഷ്യകഥകൾ വർണ്ണിക്കുന്നതിന് ആഖ്യാനാത്മകകവിതകൾക്ക് ഇടശ്ശേരി പ്രാധാന്യം നൽകി.
60. കാല്പനികതയുടെ രചനാമാർദ്ദവത്തെയും അയഥാർത്ഥാന്തരീക്ഷത്തെയും ഉപേക്ഷിച്ച ഇടശ്ശേരി ശക്തവും പരുഷവുമായ ഭാഷ ഉപയോഗിക്കുകയും യാഥാർത്ഥ്യാധിഷ്ഠിതമായ വസ്തുതാപ്രതിപാദനം സ്വീകരിക്കുകയും ചെയ്തു.

61. ഗ്രാമീണജീവിതത്തെയാണ് ഇടശ്ശേരി കാവ്യരചനയ്ക്ക് ആധാരമാക്കിയതെങ്കിലും ഗ്രാമത്തിന്റെ ശാലീനസൗന്ദര്യത്തെയും നന്മകളുടെ സമൃദ്ധികളെയും ശീലാചാരവിശുദ്ധികളെയുമല്ല പ്രതിപാദിച്ചത്.
62. പരിപക്വമായ സമചിത്തതയോടെ ജീവിതദുരിതങ്ങളെയും ദീനതകളെയും വൈരൂപ്യങ്ങളെയും ചിത്രീകരിച്ചു.
63. ജീവിതദുരിതങ്ങൾക്ക് മുമ്പിൽ പതറിപ്പോകാതെ കാര്യവിവരമുള്ള കാഴ്ചക്കാരന്റെ മട്ടിൽ, ചിലപ്പോൾ അതിന്റെ ഭാഗമെന്ന മട്ടിൽ, ചിലപ്പോൾ തീർത്തും നിസ്സംഗനായി ജീവിതസത്യത്തിന്റെ ക്രൂരത പൂർണ്ണമായും വെളിവാക്കിയ ഇടശ്ശേരി ഗ്രാമജീവിതത്തിന്റെ ആത്മാവിനെ കണ്ടെത്തി.
64. ഇടശ്ശേരിയുടെ നൈസർഗ്ഗികവും നിർവ്യാജവുമായ മനുഷ്യസ്നേഹം പ്രകടനാത്മകമായിരുന്നില്ല.
65. കാല്പനികത ഉയർത്തിക്കെട്ടിയ ആദർശസ്ത്രീത്വത്തിന് കടകവിരുദ്ധമായി പച്ചജീവിതത്തിന്റെ ചൂടും ചൂരുമുള്ള, സമൂഹജീവിതത്തിന്റെ എല്ലാ പരിക്കുകളും ഏറ്റുവാങ്ങുന്ന പുരുഷനോടൊപ്പം നില്ക്കുന്ന, ഒരു പക്ഷേ, പുരുഷനേക്കാൾ ഔന്നത്യം പുലർത്തുന്ന സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും പ്രതീകങ്ങളായ സ്ത്രീകഥാപാത്രങ്ങളെ ഇടശ്ശേരി അവതരിപ്പിച്ചു.
66. ജീവിതത്തിന്റെ പാരുഷ്യത്തിൽ ദൈന്യതയിലേയ്ക്കല്ല ധീരതയിലേയ്ക്കാണ്, ദൗർബല്യത്തിലേയ്ക്കല്ല ശക്തിയിലേക്കാണ് ഇടശ്ശേരിയുടെ സ്ത്രീകഥാപാത്രങ്ങൾ വായനക്കാരെ കൊണ്ടുപോകുന്നത്. ഒപ്പം മനുഷ്യസ്നേഹപ്രചോദിതമായ നിലപാടും സ്വീകരിക്കുന്നു.
67. ഇക്കാലത്ത് നാം ഉയർത്തിക്കാട്ടുന്ന പാരിസ്ഥിതികപ്രശ്നം ഇടശ്ശേരി വളരെ നേരത്തെതന്നെ കണ്ടിരുന്നു. മനുഷ്യശക്തിയുടെ വിജയത്തിലുണ്ടാകുന്ന പാരിസ്ഥിതിക വ്യതിയാനത്തെ ആശങ്കയോടെയാണ് അദ്ദേഹം കാണുന്നത്.
68. കാല്പനികന്റെ വൈയക്തികദുഃഖത്തിന്റെ സ്ഥാനത്ത് പാർശ്വവൽക്ക

രിക്കപ്പെട്ട കീഴാളസമൂഹത്തിന്റെ ദുഃഖം അവതരിപ്പിക്കുന്നു.

69. ഇതിവൃത്തബാഹ്യമായ കഥാപാത്രങ്ങളുടെ ഇടപെടലുകളും സംഭാഷണാത്മകതയും കവിതയുടെ വൈകാരികതയെ ഇല്ലാതാക്കുന്നു.

70. ഫ്യൂഡലിസ്റ്റ്സമ്പ്രദായത്തെയും മുതലാളിത്തവ്യവസ്ഥയെയും കടുത്തവിദ്വേഷത്തോടെ എതിർക്കുന്നു. ജീവിതം സമസ്തജീവികൾക്കും തുല്യമായി അവകാശപ്പെട്ടതിനാൽ ചിലതിനെ ചൂഷണം ചെയ്ത് മറ്റുചിലത് വികസിക്കുന്ന സാമൂഹ്യവ്യവസ്ഥ ഉൾക്കൊള്ളുന്നില്ല. ചൂഷണം ചെയ്യുന്ന അധികാരത്തെ കൊയ്തെടുക്കണം എന്നാണ് ഇടശ്ശേരിയുടെ ആഹ്വാനം.

71. ഇടശ്ശേരിയുടെ ഫലിതം കേവലഫലിതമല്ല. ജീവിതാവബോധത്തിൽ നിന്നും ഊറ്റിയെടുത്ത ദുഃഖസത്യമാണ്. കാല്പനിക കപടഗൗരവത്തിന് എതിരെയുള്ള സൗന്ദര്യചേഷ്ടയാണ് അത്.

72. ജനപക്ഷത്തുനിന്ന് ഈശ്വരനെ നോക്കിക്കാണുകയും ഈശ്വരവിശ്വാസത്തിൽ എത്തിച്ചേരുന്ന മനുഷ്യാത്മാവിന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തുകയും, ഈശ്വരന്റെ ആശ്രിതത്വത്തിൽ നിന്ന് മുക്തിനേടി കരുത്തുറ്റ ജീവിതത്തെ പുനഃപ്രതിഷ്ഠിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു ഇടശ്ശേരി.

73. പ്രത്യയശാസ്ത്രത്തിൽ ഉറച്ചുനിൽക്കുന്നു എന്ന് മേനിനടിക്കുന്നതിൽ അർത്ഥമില്ല. കപടലോകത്തിൽ പരാജയം സമ്മതിച്ച് പാലായനം ചെയ്യുന്നതും ശരിയല്ല എന്ന പ്രായോഗികജീവിതനിലപാടാണ് ഇടശ്ശേരിയുടേത്.

74. കാല്പനികന്റെ വൈകാരികയുക്തിയോ ആധുനികന്റെ നാഗരികവ്യഥയോ ഇല്ലാതെ കവി ബോധപൂർവ്വം ഉറക്കം നടിക്കുകയും കർമ്മത്തെ മറ്റുള്ളവരുടെ വിചിന്തനത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്നു.

75. ഏത് തത്വചിന്തയും മനുഷ്യന് ദ്രോഹകരമാകുന്നുവെങ്കിൽ പുറംതള്ളണമെന്നും തത്വശാസ്ത്രങ്ങളുടെ യാന്ത്രികവ്യവഹാരങ്ങൾക്ക് അപ്പുറത്താണ് യഥാർത്ഥ ഹ്യൂമനിസം എന്നും ഇടശ്ശേരി വിശ്വസി

ച്ചു. പുതിയ ലോകത്തിന് പുതിയ പ്രത്യയശാസ്ത്രങ്ങളാണ് ആവശ്യം.

76. വരമ്പുകളില്ലാത്ത, ജാതിയോ, മതമോ, സമുദായമോ, വർഗ്ഗമോ, അധികാരമോ ഇല്ലാത്ത പുത്തൻ മാനവികതാബോധമാണ് ഇടശ്ശേരി പ്രസാദാത്മകമായി അവതരിപ്പിക്കുന്നത്.
77. പ്രണയത്തെ അവതരിപ്പിക്കുമ്പോഴും കാല്പനികപ്രണയത്തിന്റെ മസൃണതയ്ക്ക് അപ്പുറമുള്ള ജീവിതയാഥാർത്ഥ്യത്തിനാണ് പ്രാധാന്യം. കാല്പനികത ഉയർത്തിക്കെട്ടിയ പ്രണയം ആദർശവൽക്കരിക്കേണ്ട ഒന്നല്ലെന്നും സ്ത്രീപുരുഷന്മാർ തമ്മിലുള്ള ജീവശാസ്ത്രപരമായ ആകർഷണം മാത്രമാണ് പ്രണയം എന്നും വിശ്വസിക്കുന്നു.
78. വൈയക്തികമായ അനുഭൂതികളെപ്പോലും സാമൂഹികമായ അർത്ഥവ്യാപ്തിയോടെ അവതരിപ്പിക്കുന്നു. മിത്തുകളെ ഉപയോഗിക്കുന്നതും ഇതിനുവേണ്ടി തന്നെ. മിത്തുകൾ ഉപയോഗിക്കുമ്പോൾ പ്രാക്തന സംസസ്കൃതിയിൽ, വർത്തമാനകാലത്തെ വ്യാഖ്യാനിക്കാനും ഭാവിയെ വാർത്തെടുക്കാനും മറ്റും സഹായകമായ ചില അംശങ്ങളും ഉണ്ട്.
79. അഭൗമതലത്തിൽ നിന്നിരുന്ന പുരാണകഥാപാത്രങ്ങളും മിത്തിലെ കഥാപാത്രങ്ങളും ഇടശ്ശേരിക്കവിതയിൽ സാധാരണമനുഷ്യരുടെ രൂപവും ഭാവവും ഏറ്റുവാങ്ങുന്നുണ്ട്.
80. കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിലും ജീവിതത്തെയാണ്, ആത്മഹത്യയിലൂടെയുള്ള ഒളിച്ചോട്ടത്തെയല്ല മഹത്വവൽക്കരിക്കുന്നത്. മനുഷ്യന്റെ ഇച്ഛാശക്തിയുടെയും ശുഭപ്രതീക്ഷയുടെയും മുന്നിൽ മരണം പോലും പരാജയപ്പെടും എന്ന പ്രസാദാത്മക വീക്ഷണം ഇടശ്ശേരിയിൽ കാണാം.
81. സ്വാഭാവികമായ വളർച്ചയിൽ നിന്ന് ഒരു മനുഷ്യാത്മാവിനെ അടർത്തിയെടുത്ത് പറിച്ചുനട്ടാൽ സംഭവിക്കുന്ന യാഥാർത്ഥ്യം കവി വിവരിച്ചുതരുന്നു.

82. മനുഷ്യന്റെ ആത്മവിശ്വാസം വളർത്തുകയും അഭൗമശക്തികൾക്ക് മുന്നിൽ മനുഷ്യൻ വിജയം വരിക്കുകയും ചെയ്യുന്ന കഥ പറയുന്നു.
83. ഭാവസംവേദത്തിന് ഉതകുന്ന തരത്തിൽ ഭാഷയെ പരുവപ്പെടുത്തിയെടുക്കുന്ന കവികർമ്മവും ഭാഷയുടെ സാദ്ധ്യതകളെ സാഹസികമായി നവീനമേഖലകളിലേക്ക് നയിക്കുന്ന കവിധർമ്മവും ഇടശ്ശേരിക്കവിതയിൽ ദൃശ്യമാണ്.
84. കാല്പനികസ്വഭാവങ്ങൾക്ക് എതിരെയുള്ള സഫലമായ പ്രതിരോധമായിരുന്നു ഇടശ്ശേരിയുടെ കാവ്യഭാഷ. ഇന്ദ്രിയസുഖം നൽകി മയക്കിക്കിടത്തുന്ന ഏകതാനവും അന്തസ്സാരശൂന്യവും സ്ത്രൈണവുമായ സംഗീതാത്മകഭാഷയ്ക്കു പകരം ചിന്തയുടെ ഭാരം നൽകി സമൂഹത്തെ ഉണർത്തുന്ന പരുക്കൻ പ്രമേയത്തിനൊത്ത പരുക്കൻ കാവ്യഭാഷ സൃഷ്ടിച്ചെടുത്തു.
85. പണ്ഡിതഭാഷയും സാമാന്യവ്യവഹാരഭാഷയും കൂട്ടിക്കലർത്തിയ, ലയം തീരെകുറഞ്ഞ ശൈലി ഒട്ടും ജനപ്രിയ (Popular)മായില്ല. രൂപത്തിലും ഭാവത്തിലും ഗ്രാമീണത്തനിമയും കാർഷികസംസ്കൃതിയും കാത്തുസൂക്ഷിച്ച ഇടശ്ശേരിക്കവിത ജനകീയ (Folk) മാവുകയായിരുന്നു.
86. ലളിതവായനയ്ക്ക് തടസ്സമുണ്ടാക്കി വായനക്കാരനെ ഗൗരവപൂർവ്വം ചിന്തിപ്പിക്കാൻ വാക്യഘടനയിലെ വൈചിത്ര്യങ്ങൾ അപ്രയുക്തപദങ്ങളുടെ പ്രയോഗം, പ്രാദേശികത എന്നിവ സമർത്ഥമായി ഉപയോഗിച്ചു.
87. ജീവിതയാഥാർത്ഥ്യത്തെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതും കാർഷികവൃത്തിയോട് ബന്ധപ്പെട്ടതും ശുഭാപ്തിവിശ്വാസം നിറഞ്ഞതുമായ കാവ്യബിംബങ്ങൾ ഉപയോഗിച്ചു.
88. അതിഭാവുകത്വം, ആദർശവൽക്കരണം എന്നിവയെ ഒഴിവാക്കി. ശാസ്ത്രീയയുക്തിയും യാഥാർഥ്യബോധവും തികഞ്ഞ ജീവിതവീക്ഷണം, സ്ത്രീ, കീഴാളർ, പരിസ്ഥിതി തുടങ്ങിയവയെക്കുറിച്ചുള്ള

പ്രത്യയശാസ്ത്രപരമായ നിലപാട്, വിഷയത്തിന്റെ ഗൗരവത്തിനൊത്ത ഭാഷ, വസ്തുബോധം ജനിപ്പിക്കുന്ന ബിംബപ്രയോഗം തുടങ്ങിയ അകാല്പനികപ്രവണതകളാണ് മലയാളത്തിൽ ആധുനികതയ്ക്കും പിന്നീട് ഉത്തരാധുനികതയ്ക്കും ശക്തമായ അടിത്തറ പണിതത്.

# ഗ്രന്ഥസൂചി

A Companion to German Literature - EDA Sagara & Peter Skrine

Black well Publishers Ltd., 1999

A History of Britain - E.H. CARTER& RAF MEARS

Surjeeth Publication, KamalaNagar - Delhi 7, 1978

A History of Literary Criticism - Harrry Blamires

Macmillan India Ltd, 2001

A short History of English Literature - Sir Ifor Evans

The English Language Book Society and Penguin Books, 1966

An Outline History of English Literature - WH Hudson

Atlantic Publishers and distributors, Delhi, 1999

Bedford Glossory of Ciritical and litterary terms - Ross Murfin, Supryia M. Ray, Palgrave Mac Millian - Houndmills, Basingstoke London - 2003

Dictionary of Literary Terms and Literary Theory -J. A. Cuddon- Penguin reference.

French Revolution: ideology and influence in litaraure -

T.R Sharma (ed) - Salabh Prakasan - 1991

Freud and the Post Freudians - JAC Brown

Penguin Books, 1983

On Jen Jaques Rousseau - James Swenson

Stanford university Press, Stanford, california - 2000

Romanticism - Lilian R. Furst

Methuen and co,1982

Romanticism Points of View - Robert F. Gleckner and

Gerald E Enscoe (ed) - Prentice - Hall, NJ. - 1962

Romantic Rebellion - Eric Newton

Long Man's - 1962

The poetic Image - C Day Lewis

Jonathan cape, London, 1961

World Civilisations - Their history and culture (vol. C., 7th edition)
Edward MacNall Burns, PhilipLeeRalph, Robert E Lerner and
Standish Meacham,Goyal saab publishers, New Delhi, 1991

Writing And Victorianism - JB Bullen (ed)

Longman, 1997

അക്ഷരവും ആധുനികതയും - ഇ.വി. രാമകൃഷ്ണൻ

എസ്.പി.സി.എസ്., 2001

അക്ഷരസൗന്ദര്യം - എം. കൃഷ്ണൻ നമ്പൂതിരി

എസ്.പി.സി.എസ്., 2003

അനുഭൂതിയുടെ നിറഭേദങ്ങൾ - എം.കെ.സാനു

എസ്.പി.സി.എസ്., 1987

അമൃതവിദ്യ - എം. ലീലാവതി

ജനതാ സർവീവസ് കൊച്ചി, 1988

അസ്വസ്ഥതയുടെ നിറഭേദങ്ങൾ - പി.വി. വേലായുധൻപിള്ള

പൂർണ്ണ പബ്ളിക്കേഷൻസ്, കോഴിക്കോട്, 1989

അറിവും അനുഭൂതിയും - പി..വി..വേലായുധൻ പിള്ള

എസ്.പി.സി.എസ്., 1987

ആത്മാവിന്റെ മുറിവുകൾ - എം. തോമസ് മാത്യു

അങ്കണം സാംസ്കാരിക വേദി, 1998

ആധുനികത മലയാളകവിതയിൽ - എൻ. അജയകുമാർ

താരതമ്യ പഠനസംഘം, ചങ്ങനാശ്ശേരി, 2001

ആധുനിക മലയാളസാഹിത്യം - പി.കെ. പരമേശ്വരൻ നായർ

എസ്.പി.സി.എസ്., 1968

ആധുനിക യുഗത്തിലെ വിപ്ലവങ്ങൾ - എൻ.വിജയൻ (എഡി.)

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991

ആളൊഴിഞ്ഞ അരങ്ങ് - വി. രാജകൃഷ്ണൻ

ഗ്രീൻ ബുക്സ്, 2004.

ഇംഗ്ലീഷ് കാല്പനികത - എം. ദക്ഷിണാമൂർത്തി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991

ഇടപ്പള്ളിക്കവിത - കെ. എ. അസീസ് (എഡി.)

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988

ഇടശ്ശേരിക്കവിത - ഡോ. കവടിയാർ രാമചന്ദ്രൻ (എഡി.)

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2004

ഇടശ്ശേരിക്കവിതകൾ സമ്പൂർണ്ണ സമാഹാരം - ഇടശ്ശേരി

മാതൃഭൂമി, 2007

ഇടശ്ശേരിക്കവിത - ശില്പവിചാരം - കെ.പി.മോഹനൻ

പ്രഫ. പി. ശങ്കരൻ നമ്പ്യാർ ഫൗണ്ടേഷൻ, തൃശ്ശൂർ, 2006

ഇടശ്ശേരി നവഭാവുകത്വത്തിന്റെ കവി - പ്രൊഫ. പി. മീരാക്കുട്ടി

സൗഹൃദം ബുക്സ്, 2000

ഇടശ്ശേരിയുടെ കാവ്യലോകം - കെ.പി. ശരച്ചന്ദ്രൻ

എൻ.ബി.എസ്., 1988

ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ - ഇടശ്ശേരി

മാതൃഭൂമി, 2006

ഇതാ ഒരു കവി - ഇടശ്ശേരി ഷഷ്ടിപൂർത്ത്യുപഹാരക്കമ്മിറ്റി

ഇടശ്ശേരി പബ്ലിക്കേഷൻസ്, കൊച്ചി, 1996

എൻ.വി.കവിതയുടെ അന്തർമണ്ഡലം - എൻ.വി. സ്മാരക ട്രസ്റ്റ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995

എൻ.വി.യും മലയാള സാഹിത്യവും - എൻ. വി. ഷഷ്ട്യബ്ദപൂർത്തി

ആഘോഷകമ്മിറ്റി, എറണാകുളം, എൻ.ബി.എസ്., 1988

എൻ.വി.യുടെ കവിതകൾ - എൻ.വി.

എസ്.പി.സി.എസ്., 1986

എൻ.വി.യുടെ കാവ്യലോകം - കെ.വി.രാമകൃഷ്ണൻ (എഡി.)

എൻ.വി. കൃഷ്ണവാരിയർ സ്മാരകട്രസ്റ്റ്, കോട്ടക്കൽ, 2005

കലഹവും വിശ്വാസവും - കെ.പി. അപ്പൻ

ഡി.സി.ബി. - 1986

കലോത്സവം - എൻ.വി. കൃഷ്ണവാര്യർ

പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989

കവിതയിലെ സമാന്തരരേഖകൾ - ഒ.എൻ.വി.കുറുപ്പ്,

ഡി.സി.ബി., 1992

കവിതയും മനഃശാസ്ത്രവും - എം.എൻ.വിജയൻ

മാതൃഭൂമി, 1987

കവിത വെളിച്ചത്തിലേക്ക് - എസ്. രാജശേഖരൻ

എൻ.ബി.എസ്., 1985

കവിതാരതി - ഡോ.എം. ലീലാവതി

മാതൃഭൂമി, 1997

കവിയുടെ കലാതന്ത്രം - ദേശമംഗലം രാമകൃഷ്ണൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989

കവിസദസ്സ് - കെ.എസ്. നാരായണപിള്ള

എൻ.ബി.എസ്., 1985

കാല്പനികത - ബി. ഹൃദയകുമാരി

ഇംപ്രിന്റ് ബുക്സ്, 1999

കാവ്യനിർദ്ധാരണം - ഡി. ബഞ്ചമിൻ

പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം, 2002

കാവ്യഭാഷയിലെ പ്രശ്നങ്ങൾ - ദേശമംഗലം രാമകൃഷ്ണൻ (എഡി.)

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993

കാവ്യസ്വരൂപം - എസ്. ഗുപ്തൻനായർ

എസ്.പി.സി.എസ്., 1998

കാവ്യവ്യുൽപത്തി - എം.പി. ശങ്കുണ്ണിനായർ

എസ്.പി.സി.എസ്., 1974

കേരളത്തിന്റെ സാംസ്കാരികചരിത്രം - പി.കെ.ഗോപാലകൃഷ്ണൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994

കേസരിയുടെ സാഹിത്യവിമർശനങ്ങൾ - കേസരി ബാലകൃഷ്ണപിള്ള

എസ്പിസിഎസ്., 1984

കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള

ഡി.സി.ബി., 2005

ചങ്ങമ്പുഴ എന്ന സർഗ്ഗവിസ്മയം - ചന്ദ്രികാ ശങ്കരനാരായണൻ

കറന്റ് ബുക്സ്, 1997

ചങ്ങമ്പുഴകൃഷ്ണപിള്ള നക്ഷത്രങ്ങളുടെസ്നേഹഭാജനം -എം.കെ.സാനു

എസ്.പി.സി.എസ്., 2002

ചങ്ങമ്പുഴക്കവിതകൾ വോള്യം - 1 - ചങ്ങമ്പുഴ

ഡി.സി.ബി., 2004

ചങ്ങമ്പുഴക്കവിതയിലെ കാല്പനികത - ഇ.കെ.പുരുഷോത്തമൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993

ചങ്ങമ്പുഴ സ്മരണിക - ചങ്ങമ്പുഴ സ്മാരക ഗ്രന്ഥശാല

ഇടപ്പള്ളി,1987

ചിതയിലെ വെളിച്ചം - എം.എൻ.വിജയൻ

കറന്റ് ബുക്സ്, 1990

ജി.യുടെ കാവ്യജീവിതം - എം.ലീലാവതി

എസ്.പി.സി.എസ്., കോട്ടയം, 1986

ജി.യുടെ ഭാവഗീതങ്ങൾ -ഡോ. ഡി. ബഞ്ചമിൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988

ജി.ശങ്കരക്കുറുപ്പിന്റെ സാഹിത്യപ്രപഞ്ചം - തോന്നയ്ക്കൽ നാരായണൻ

എസ്.പി.സി.എസ്., കോട്ടയം, 1987

ഞങ്ങളുടെ കുഞ്ഞേട്ടൻ - എൻ.വി.രാമവാരിയർ

ലൈഫ് ബുക്സ്, തൃശൂർ, 2000

തകർന്ന മണിയും നിലയ്ക്കാത്ത നാദവും - രാജു നാരായണസ്വാമി

കറന്റ് ബുക്സ്, 1998

തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - തായാട്ട് ശങ്കരൻ

കേരള സാഹിത്യ അക്കാദമി, 1990

തേനും വയമ്പും - പ്രസന്നരാജൻ

ഡി.സി.ബി., 1995

നവകം - കെ.പി. ശങ്കരൻ

പൂർണ്ണ പബ്ളിക്കേഷൻസ്, കോഴിക്കോട്, 1988.

നവയുഗശില്പി രാജരാജവർമ്മ - പന്മന രാമചന്ദ്രൻ നായർ

കറന്റ് ബുക്സ്, 2003

പരിചയം - പത്മന രാമചന്ദ്രൻ നായർ

എൻ.ബി.എസ്., 1994

പാവം മാനവഹൃദയം - സുഗതകുമാരി

പൂർണ്ണ പബ്ളിക്കേഷൻസ്, കോഴിക്കോട്, 1981

പാശ്ചാത്യസാഹിത്യ തത്വശാസ്ത്രം - കെ.എം.തരകൻ

എസ്.പി.സി.എസ്., 1983

പാശ്ചാത്യസാഹിത്യദർശനം - പ്രൊഫ. എം. അച്യുതൻ

എസ്. പി. സി.എസ്., 1983

പി.കെ.ബാലകൃഷ്ണന്റെ ലേഖനങ്ങൾ - പി.കെ.ബാലകൃഷ്ണൻ

ഡി.സി.ബി., 2004

പ്രത്യശാസ്ത്രപാരായണങ്ങൾ - എസ്.എസ്.ശ്രീകുമാർ

ബുക്വേം, തൃശ്ശൂർ, 2001

പ്രക്ഷോഭത്തിന്റെ ജ്വാലകൾ - എൻ. രാജൻ

എസ്.പി.സി.എസ്., 1999

പ്രാസവാദം - എസ്. കെ. വസന്തൻ (എഡി)

കേരള സാഹിത്യ അക്കാദമി, 1986

ഫോക്‌ലോർസംസ്കാരം - ഡോ. പി. സോമൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2004

ഫ്രഞ്ച് സാഹിത്യചരിത്രം - മംഗലാട്ട് ഗോവിന്ദൻ

കേരള സാഹിത്യ അക്കാദമി, തൃശൂർ, 1998

ഭാഷാപോഷിണി ഇടശ്ശേരി സമ്പോസിയം - പുസ്കതം 8, ലക്കം 1

ജൂൺ - ജൂലൈ, 1984

മതാത്മകബിംബങ്ങളും പദാവലികളും -ജി. ശങ്കരക്കുറുപ്പ്, ഒ.എൻ.വി., കുറുപ്പ് എന്നിവയുടെ കവിതകളിൽ - ഒരുപഠനം - എം.ജി.ബാബുജി, പി.എച്ച്.ഡി. പ്രബന്ധം, മാഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, 2002. (അപ്രകാശിതം)

മനനങ്ങൾ നിഗമനങ്ങൾ - എൻ.വി.

ഡി.സി.ബി., 1987

മലയാളകവിതാസാഹിത്യചരിത്രം - എം.ലീലാവതി

കേരളസാഹിത്യ അക്കാദമി, തൃശൂർ, 1979

മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം - പ്രഫ. എം.പി. പണിക്കർ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1990

മലയാളസാഹിത്യചരിത്രം - പി.കെ. പരമേശ്വരൻ നായർ

സാഹിത്യ അക്കാദമി, ന്യൂഡൽഹി, 1969

മലയാളസാഹിത്യവിമർശനം - സുകുമാർ അഴീക്കോട്

ഡി.സി.ബി., 1985

മഹാരഥന്മാരുമായി മുഖാമുഖം - ഡോ. ആർസു

ശിഖ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1987

മുണ്ടശ്ശേരി കൃതികൾ - ഭാഗം 2 - ജോസഫ് മുണ്ടശ്ശേരി

കറന്റ് ബുക്സ്, 1981

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 84 ലക്കം 18, 2004 ജൂലൈ 2-8

രമണനും മലയാളകവിതയും - സുകുമാർ അഴീക്കോട്

ഡി.സി.ബി., 2005

വർണ്ണരാജി - എം. ലീലാവതി

എസ്.പി.സി.എസ്., 1989

വള്ളത്തോൾ പദ്യകൃതികൾ -വള്ളത്തോൾ

എസ്.പി.സി.എസ്., 1975

വള്ളത്തോളിന്റെ കാവ്യശില്പം - എൻ.വി.

ഡി.സി.ബി., 1984

വായനയുടെ വഴികൾ - എം.ആർ. രാഘവ വാരിയർ

കറന്റ് ബുക്സ്, തൃശ്ശൂർ, 1998

വിമർശപ്രബന്ധങ്ങൾ - ഡി. ബഞ്ചമിൻ

കറന്റ്ബുക്സ്, 1993

വിവേചനം - എം. അച്യുതൻ

പൂർണ്ണ പബ്ളിക്കേഷൻസ്, കോഴിക്കോട്, 1983

വിശ്വസാഹിത്യദർശനം - നെല്ലിക്കൽ മുരളീധരൻ

ഡി.സി.ബി., 1999

വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, വോള്യം 1, - വൈലോപ്പിള്ളി

കറന്റ് ബുക്സ്, തൃശൂർ, 2001

ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു - സുകുമാർ അഴീക്കോട്

നവകേരള കോ-ഓപ്പറേറ്റീവ് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്, 1981

സമീപനങ്ങൾ - സച്ചിദാനന്ദൻ

ഇള ബുക്സ്, കോഴിക്കോട്

സമീപനങ്ങൾ സമന്വയങ്ങൾ - ഡോ. കെ. രാഘവൻ പിള്ള

എസ്.പി.സി.എസ്., 1986

സാഹിത്യഗവേഷണവും വിമർശനവും-സമ്പാ:എൻ.സാം,ഡി. ബഞ്ചമിൻ

ഡി.സി.ബി., 1990

സാഹിത്യചിന്തകൾ - ചങ്ങമ്പുഴ

മംഗളോദയം പബ്ലിഷേഴ്സ്, 1120 ഇടവം.

സാഹിത്യപഠനങ്ങൾ - പി.കെ. പരമേശ്വരൻ നായർ

ഡി.സി.ബി., 1992

സിംബലിസം മലയാളകവിതയിൽ - കെ.എം.വേണുഗോപാൽ

ഡി.സി.ബി., 2001

സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും - എം. അച്യുതൻ

കറന്റ് ബുക്സ്, 1994

സ്വാധീനതാ പഠനങ്ങൾ - ഡി. ബഞ്ചമിൻ

കറന്റ് ബുക്സ്, തൃശ്ശൂർ, 2000

വെണ്മണികൃതികൾ - ശീവൊള്ളി നാരായണൻ (എഡി.)

കറന്റ് ബുക്സ്, 1986

വെണ്മണിപ്രസ്ഥാനം - അകവൂർ നാരായണൻ

എസ്.പി.സി.എസ്., 2000